പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1751 21/01/2014- ൽ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ കുളമ്പുരോഗംമൂലം മരിച്ച കന്നുകാലികൾ</u>

| ചോദ്യം | | <u>മറുപടി</u> |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ: | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| **(എ)** കൊല്ലം ജില്ലയിൽ എത്ര കന്നുകാലികൾ കുളമ്പുരോഗംമൂലം മരണപ്പെട്ടു; എത്ര കന്നുകാലികൾക്ക് കുളമ്പു രോഗം പിടിപ്പെട്ടു ; വ്യക്തമാക്കാമോ; | **(എ)** | 2013 ആഗസ്റ്റ് മാസം മുതൽ 2014 ജനുവരി 15 വരെ 471 ഉരുക്കൾ മരണപ്പെടുകയും, 3067 ഉരുക്കൾക്ക് രോഗം ബാധിക്കുകയും ചെയ്തിട്ടുണ്ട്. |
| **(ബി)** കുളമ്പു രോഗം മൂലം മരണപ്പെട്ട കന്നുകാലികളുടെ ഉടമസ്ഥർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;<br>**(സി)** കുളമ്പുരോഗത്താൽ കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നല്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ ; | **(ബി) യും (സി) യും.** | കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് 20,000/ രൂപ വീതം നഷ്ടപരിഹാരവും രോഗം ബാധിച്ച പശുക്കൾക്ക് ഓരോന്നിനും 200 കിലോഗ്രാം (4 ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകിവരുന്നു. വിവിധ ജില്ലകളിൽ ഇതുവരെ 2,23,63,000/- രൂപ നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്. |
| **(ഡി)** കുളമ്പുരോഗം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ? | **(ഡി)** | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

2.

അനുബന്ധം

കുളമ്പുരോഗം നിർമാർജ്ജനം ചെയ്യുന്നതിനും തടയുന്നതിനും

**മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന തലത്തിൽ സ്വീകരിച്ച നടപടികൾ**

പ്രതിരോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശത്തിന് ചുറ്റുമായി കുത്തിവയ്പ് (റിങ്ങ് വാക്സിനേഷൻ) നടത്തി വരുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി ചികിൽസയും നൽകുന്നുണ്ട്. ചികിൽസക്കാവശ്യമായ മരുന്നുകൾ, പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിന് വേണ്ടി മൃഗസംരക്ഷണവകുപ്പു 20,00,000/- രൂപ ജില്ലകളിലുള്ള ഫണ്ടുകൾക്ക് പുറമേ അധിക ഫണ്ട് ആയി ഗോരക്ഷാ പദ്ധതിയിൽ നിന്ന് വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മരുന്നും അണുനാശിനികളും ജില്ലാ തലത്തിൽ വാങ്ങി ഉപയോഗിച്ചു വരുന്നു. 50 ലക്ഷം രൂപയുടെ അത്യാവശ്യ മരുന്നുകൾ മൃഗസംരക്ഷണ വകുപ്പു ഡയറക്ടർ തലത്തിൽ നിന്ന് ഷോർട്ട് ടെൻഡർ വിളിച്ച് വാങ്ങി വിവിധ ജില്ലകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. എല്ലാ ജില്ലകളിലും കർഷകർക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്തി കുളമ്പുരോഗത്തെ കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെ കുറിച്ചും അവബോധം സൃഷ്ടിച്ചു.എസ്.ആർ.ഡി.ഡി.എൽ. ബാംഗ്ളൂർ, പി.ഡി.എഫ്.എം.ഡി മുക്തേശ്വർ എന്നിവിടങ്ങളിലെ വിദഗ്ധ സംഘം കേരളത്തിലെ വിവിധ ജില്ലകളിൽ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് വിശദമായ റിപ്പോർട്ട് മൃഗ സംരക്ഷണ വകുപ്പു ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കുളമ്പുരോഗ വൈറസിന്റെ അതേ ജനിതക ഘടനയുള്ള 'ഒ' വിഭാഗത്തിൽപ്പെട്ട വൈറസ് തന്നെയാണ് കേരളത്തിലും കുളമ്പുരോഗം ഉണ്ടാക്കിയിട്ടുള്ളത്. കുളമ്പുരോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ ചെക്കു പോസ്റ്റുകളും 1.10.2013-മുതൽ താൽക്കാലികമായി 10 ദിവസത്തേയ്ക്ക് അടച്ചിടുകയുണ്ടായി. അതിനുശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് ഒരളവുവരെ കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു. ചെക്ക് പോസ്റ്റുകൾ 4.12.2013 മുതൽ വീണ്ടും താൽക്കാലികമായി അടച്ചിടുകയും ചെയ്തു. 9.1.2014 വ്യാഴാഴ്ച്ച വൈകിട്ട് 3 മണിമുതൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിലെ തെരഞ്ഞെടുത്ത 5 ചെക്ക്പോസ്റ്റുകൾ കന്നുകാലികളെ കൊണ്ടുവരുന്ന

ര..് തുറന്നു കൊടുക്കുവാൻ തീരുമാനിച്ചു. പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി,കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ),തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്ക്പോസ്റ്റുക-ളിൽ കൂടി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. മൃഗസംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നത്. രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണിവരെ മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. വിവിധ ജില്ലകളെ 4 സോണുകളായി തിരിച്ച് വകുപ്പിലെ 4 അഡീഷണൽ ഡയറക്ടർമാർക്ക് ചാർജ് നൽകുകയും അടിയന്തിര സോണൽ മീറ്റിംഗുകൾ കൂടി കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ക്ഷീരവികസന വകുപ്പ്, ക്ഷീര സഹകരണസംഘം, വനം വകുപ്പ്, പോലീസ്, മോട്ടോർ വാഹന വകുപ്പ്, തദ്ദേശസ്വയംഭരണം, മിൽമ എന്നിവരുടെ യോഗം കൂടി പ്രശ്നങ്ങളെ അവലോകനം ചെയ്തു. കുളമ്പുരോഗം ബാധിച്ച് മര-ണപ്പെട്ട ഉരുക്കൾക്ക് 20,000/- രൂപ വീതം നഷ്ടപരിഹാരവും രോഗം ബാധിച്ച പ-ശുക്കൾക്ക് ഓരോന്നിനും 200 കി.ഗ്രാം (4ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകാൻ തീരുമാനിച്ചു. നാളിതുവരെ വിവിധ ജില്ലകളിൽ 2.24 കോടി രൂപ മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. രോഗം ബാധിച്ച ഉരുക്കൾക്കുള്ള സൗജന്യ കാലിത്തീറ്റ വിതരണം നടന്നുവരുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി 18 ചെക്ക് പോസ്റ്റു-കൾ നിലവിലുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല,പാലക്കാട് ജില്ലയിലെ വാളയാർ എന്നീ ചെക്ക് പോസ്റ്റുകളിൽ മാത്രമാണ് വെറ്ററിനറി സർജന്റെ തസ്തിക നിലവിലുള്ളത്. ഈ രണ്ട് ചെക്ക് പോസ്റ്റുകളിലും നിലവിൽ വെറ്ററിനറി സർജൻമാർ ഉണ്ട്. മറ്റു ചെക്ക് പോസ്റ്റുകളിൽ അടുത്തുള്ള മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻമാർക്ക് ചാർജ് നൽകിയിട്ടുണ്ട്. എങ്കിലും ദൈനംദിന കാര്യങ്ങൾ നിർവഹിച്ചുവരുന്നത് ചെക്ക് പോസ്റ്റിലെ ഫീൽഡ് ഓഫീസർ ആണ്. കുളമ്പുരോഗ വാക്സിൻ ശീതീകരിക്കുന്നതിന് ആവശ്യമായ റെഫ്രിജറേറ്ററുകൾ ചെക്ക് പോസ്റ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രാഥമിക രക്ത പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. 8.1.2014-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന കുളമ്പുരോഗനിവാരണ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം തന്നെ അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും

വരുന്ന രോഗമുള്ള കന്നുകാലികളെ തിരിച്ചയയ്ക്കുവാനും രോഗമില്ലാത്തവയെ പരിശോധിച്ച് കടത്തിവിടുവാനും സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ മൃഗഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ